കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ് മന്ത്രിതന്നെ പദ്ധതി പിൻവലിക്കുകയാണെ ന്നു പറയുമ്പോൾ കേരളത്തിലെ സമുന്നതകോൺഗ്രസും പ്രതിപക്ഷനേ താവുമായ ഉമ്മൻചാണ്ടി പദ്ധതി ഇല്ലാതാകുന്നത് കേരളത്തിനു ദോഷ മാണെന്ന് മൊഴിയുന്നു. വൈദ്യുത പദ്ധതികളുടെ പേരിൽ (എസ് എൻ സി ലാവ്‌ലിനായാലും ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയായാലും) രൂപപ്പെടുന്ന ഇടത് വലത് ഐക്യത്തിന്റെ പിന്നിലെന്ത്?

**ഇന്ദിരയോളമെത്താൻ ജയറാംരമേശ്,**
**സി പി എമ്മിനു താങ്ങായ് ഉമ്മൻകോൺഗ്രസ്**

# രാഷ്ട്രീയം പിടികിട്ടാത്ത അതിരപ്പള്ളി

**പി എം ജയൻ**

അതിരപ്പള്ളി ജലസേചനപദ്ധതി നടപ്പാക്കാനായി കേന്ദ്രസർക്കാർ നേരത്തെ കേരളത്തിനു അനുവദിച്ചുകൊടുത്ത അനുമതി സർട്ടിഫിക്കറ്റ് ഇതാ പിൻവലിക്കാൻ പോകയാണെന്ന് കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം വെളിപാട് നടത്തിയപ്പോൾ കേരളത്തിലെ വൈദ്യുതിമന്ത്രി ബാലൻ മാത്രമല്ല, സാക്ഷാൽ കോൺഗ്രസ് നേതാവ് ഉമ്മൻചാണ്ടിയും ഞെട്ടി എന്നാണ് കേൾവി. പദ്ധതി വന്നാലുണ്ടായേക്കാവുന്ന പ്രശ്നങ്ങളെക്കുറിച്ച് കേന്ദ്ര മന്ത്രി ജയറാം രമേശിനുള്ള സംശയം പോലുമില്ലാതെയാണ് പദ്ധതി ഇല്ലാതാകുന്നത് കേരളത്തിനു ദോഷകരമായിരിക്കുമെന്ന് ഉമ്മൻ മൊഴിഞ്ഞത്. സി പി എമ്മിനും കേരള വൈദ്യുതി മന്ത്രിക്കും ഏറെ ആശ്വാസം പകരുന്ന പ്രസ്താവനയാണ് ഉമ്മൻചാണ്ടി നടത്തിയത്. കേന്ദ്രം ഭരിക്കുന്ന കോൺഗ്രസ് മന്ത്രിതന്നെ പദ്ധതി പിൻവലിക്കുകയാണെന്നു പറയുമ്പോൾ കേരളത്തിലെ സമുന്നത കോൺഗ്രസും പ്രതിപക്ഷനേതാവുമായ ഉമ്മൻകോൺഗ്രസ് എന്താണിങ്ങിനെ പറയുന്നതെന്നതിന്റെ യുക്തി ഇതുവരെ അതിരപ്പള്ളിക്കാർക്കും കേരളീയർക്കും മനസിലായിട്ടുണ്ടാകില്ല. ഇതാണ് വൈദ്യുത പദ്ധതികൾ, അത് എസ് എൻ സി ലാവ്‌ലിന്റെ പേരിലായാലും ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിയുടെ പേരിലായാലും വരുമ്പോൾ രൂപപ്പെടുന്ന ഇടതുവലതു ഭേദമില്ലാതെയുള്ള രാഷ്ട്രീയ ഐക്യം. പത്തുവർഷത്തിനു മീതെ പഴക്കമുള്ളതാണ് അതിരപ്പള്ളി പദ്ധതി നടപ്പാക്കുകയെന്ന കേരളസർക്കാരിന്റെ(പ്രത്യേകിച്ച് കേരളം നറുനിലാവിൽ കുളിച്ചുനിൽക്കണമെന്ന് ആത്മാർഥമയി ആഗ്രഹിക്കുന്ന കെ എസ് ഇ ബിയിലെ പൊതുജനസേവകരായ ഉദ്യോഗസ്ഥൻമാരുടെ) സ്വപ്നം. അതിനിടയിൽ കേരളം മാറിമാറി ഇടതും വലതും ഭരിച്ചിട്ടും പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ലായിരുന്നു. ഒരു തവണ യു ഡി എഫ് ഭരണകാലത്ത് ആര്യാടൻമുഹമ്മദ് വൈദ്യുതി മന്ത്രിയായിരിക്കെ പദ്ധതി നടപ്പാക്കാൻ ധൃതി പിടിച്ച നീക്കം നടത്തിയിരുന്നു. നേരത്തെ തീരുമാനിച്ചതിലും കൂടുതൽ തുകയിൽ നിർമാണച്ചുമതല കൊടുക്കാനുള്ള നീക്കത്തെ അന്ന് തുരങ്കം വച്ചത് പ്രതിപക്ഷത്തായിരുന്ന സി പി എമ്മായിരുന്നു. എന്നാൽ അതിനു പിന്നിൽ സി പി എമ്മിന്റെ പ്രകൃതിസ്നേഹമൊന്നുമായിരുന്നില്ല. പദ്ധതി വരുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന കമ്മീഷൻ അങ്ങിനെ നിങ്ങൾ അടിച്ചു മാറ്റേണ്ടതില്ലെന്നും അടുത്തു വരാനിരിക്കുന്ന ഭരണം തങ്ങളുടേതാകുമ്പോൾ തങ്ങൾ നന്നായി നടപ്പാക്കാം എന്നായിരുന്നു സി പി എമ്മിന്റെ അന്നത്തെ ചേതോവികാരമെന്ന് ചിലർ പിന്നീട് ആരോപണം ഉന്നയിച്ചിരുന്നു. അത് ശരിയായിരുന്നു എന്നതിന്റെ തെളിയിവായിരുന്നു തൊട്ടടുത്ത തവണ അധികാരത്തിലേറിയ എൽ ഡി എഫ് സർക്കാരിന്റെ നീക്കം കാണിച്ചത്. പദ്ധതി കൊണ്ടുവരുന്നതിൽ മാത്രമല്ല തെളി

വുകളൊന്നും ശേഷിക്കാതെ ബുദ്ധിമുട്ടുകളൊന്നുമില്ലാതെ കൂടുതൽ തുകയ്ക്കുതന്നെ കമ്പനിക്ക് പണി ഉറപ്പിക്കുന്നതിനായുള്ള ചില സംരക്ഷിത ബുദ്ധിയും സി പി എം പ്രയോഗിച്ചു. അനുമതി കിട്ടിയെന്ന് പറയപ്പെടുന്ന ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനി മുമ്പ് പറഞ്ഞതിലും കൂടുതൽ തുക ആവശ്യപ്പെട്ടതാണ് യു ഡി എഫ് കാലത്ത് ഉയർന്നുവന്ന പ്രശ്നം. ഈയൊരു സാഹചര്യം മുതലാക്കി കമ്പനിക്കെതിരെ കെ എസ് ഇ ബിയെക്കൊണ്ട് കേസ് കൊടുപ്പിച്ചുകൊണ്ടാണ് സി പി എം പുതിയ നീക്കം നടത്തിയത്. കേസ് കോടതിയിൽ വന്നപ്പോൾ സർക്കാർ പ്രോസിക്യൂഷന് എതിരായി ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിക്കുവേണ്ടി ഹാജരായതാകട്ടെ സാക്ഷാൽ സി പി എം മനസാക്ഷിസൂക്ഷിപ്പുകാരനായ എം. കെ ദാമോദരനായിരുന്നു. നായനാർ സർക്കാറിന്റെ കാലത്ത് അഡ്വക്കറ്റ് ജനറലടക്കമായിരുന്ന ഈ മഹാൻ ഇടപെട്ട് പാർട്ടിക്കുവേണ്ടി ഒതുക്കിയ കേസുകളുടെ കഥകളെത്ര കേട്ടുപഴകിയതാണ് മലയാളി. ഒടുക്കം കേസിൽ സർക്കാർ തോറ്റുകൊടുക്കുകയും കമ്പനി പറഞ്ഞ തുകക്കുതന്നെ കരാർ കൊടുക്കാമെന്നതിന് നിയമത്തിന്റെ ആനുകൂല്യം ലഭിക്കുകയും ചെയ്തു. എന്നാൽ കമ്പനിയും പ്രോസിക്യൂഷനും ഒത്തുകളിച്ച് സർക്കാർ തോറ്റുകൊടുക്കയായിരുന്നു എന്ന ധ്വനി വരുന്ന തരത്തിൽ വിധിന്യായത്തിൽ ജഡ്ജി രേഖപ്പെടുത്തിയതോടെ സി പി എമ്മിന്റെ അതിബുദ്ധി മണ്ടത്തരമാകുന്നത് ജനങ്ങൾക്കുമുമ്പിൽ വെളിപ്പെട്ടു. അതിരപ്പള്ളി പദ്ധതിക്കായി ഇരു രാഷ്ട്രീയകക്ഷിക്കാരും എന്തിനാണ് ഇത്രമാത്രം വിറളികൊണ്ടിരുന്നതെന്ന കാര്യം അതോടെയാണ് മലയാളിക്ക് വ്യക്തമായത്.

അതിരപ്പള്ളി ചരിത്രം ഇത്തരത്തിൽ പാതിവഴിയിൽ നിർത്തുമ്പോൾ ഒന്നു വ്യക്തമാണല്ലോ, പദ്ധതി ഹിന്ദുസ്ഥാൻ കൺസ്ട്രക്ഷൻ കമ്പനിക്കുതന്നെ കൊടുക്കണമെന്ന് ഇത്രമാത്രം പിടിവാശി പിടിച്ചതിന്റെ പിന്നിൽ മറ്റെന്തൊക്കെയോ ആണെന്ന കാര്യം.

**കേരളം മാറിമാറി ഇടതും വലതും ഭരിച്ചിട്ടും പദ്ധതി നടപ്പാക്കുന്ന കാര്യത്തിൽ യാതൊരു അഭിപ്രായവ്യത്യാസവുമില്ലായിരുന്നു. ഒരു തവണ യു ഡി എഫ് ഭരണകാലത്ത് ആര്യാടൻമുഹമ്മദ് വൈദ്യുതി മന്ത്രിയായിരിക്കെ പദ്ധതി നടപ്പാക്കാൻ ധൃതി പിടിച്ച നീക്കം നടത്തിയിരുന്നു. നേരത്തെ തീരുമാനിച്ചതിലും കൂടുതൽ തുകയിൽ നിർമാണചുമതല കൊടുക്കാനുള്ള നീക്കത്തെ അന്ന് തുരങ്കം വച്ചത് പ്രതിപക്ഷത്തായിരുന്ന സി പി എമ്മായിരുന്നു. എന്നാൽ അതിനു പിന്നിൽ സി പി എമ്മിന്റെ പ്രകൃതിസ്നേഹമൊന്നുമായിരുന്നില്ല. പദ്ധതി വരുന്നതുമായി ബന്ധപ്പെട്ട് ലഭിക്കുന്ന കമ്മീഷൻ അങ്ങിനെ നിങ്ങൾ അടിച്ചുമാറ്റേണ്ടതില്ലെന്നും അടുത്തു വരാനിരിക്കുന്ന ഭരണം തങ്ങളുടേതാകുമ്പോൾ തങ്ങൾ നന്നായി നടപ്പാക്കാം എന്നായിരുന്നു സി പി എമ്മിന്റെ അന്നത്തെ ചേതോവികാരമെന്ന് ചിലർ പിന്നീട് ആരോപണം ഉന്നയിച്ചിരുന്നു. അത് ശരിയായിരുന്നു എന്നതിന്റെ തെളിവായിരുന്നു തൊട്ടടുത്ത തവണ അധികാരത്തിലേറിയ എൽ ഡി എഫ് സർക്കാറിന്റെ നീക്കം കാണിച്ചത്.**

പുറമേ കേരളത്തെ ഇരുട്ടിൽ നിന്ന് വെളിച്ചത്തിലേക്ക് കര കയറ്റാനുള്ള സ്നേഹവും അകമേ അഴിമതിയുടെ ഉപജാപകവും ചേർത്തുകൊണ്ട് കേരളത്തിൽ ഇതിനു മുമ്പും വൈദ്യുതി നിലയങ്ങളും മറ്റും കോൺഗ്രസ്സ് തന്നെ കൊണ്ടുവന്നിട്ടുണ്ട്. കുറ്റ്യാടി പദ്ധതി മുതലുള്ള ചരിത്രം അത്തരം കെട്ടുപിണഞ്ഞുകിടക്കുന്ന തട്ടിപ്പുകളുടെ പദ്ധതികൂടിയായിരുന്നു. കോൺഗ്രസ് നടത്തിയ അത്തരം പദ്ധതികളുടെ നിജസ്ഥിതിയൊന്നും അറിയാഞ്ഞിട്ടല്ല, അന്നൊ പിന്നീടോ അവയൊക്കെ പുനരന്വേഷിക്കാനോ അതിനെതിരെ ആരോപണമുന്നയിക്കാനോ സി പി എം അടക്കമുള്ളവർ തയ്യാറാകാതിരുന്നത്. പദ്ധതി നടത്തിപ്പിലെ കോൺഗ്രസ് വഴികൾ പഠിച്ച് അത്തരത്തിൽ തങ്ങൾക്കും എങ്ങിനെ നേട്ടങ്ങളുണ്ടാക്കാം എന്ന തലത്തിലേക്ക് സി പി എമ്മും വഴുതിപോയതിനാലാണ് അത്തരം മൗനം അവലംഭിച്ചത്. ഇത്തരം പദ്ധതികൾക്കുമുന്നിൽ ഇടതു വലതു രാഷ്ട്രീയം ഇല്ലാതായത് അങ്ങിനെയാണ്. അത്തരം ഐക്യമാണല്ലോ ഏറ്റവും ഒടുവിൽ ലാവ്‌ലിൻകേസിൽ സി പി എമ്മും ഒരേ സമയം അതിനെതിരെ വലിയ സമരങ്ങളൊന്നും ഉയർത്തിക്കൊണ്ടുവരാതെ യു ഡി എഫും കാണിച്ചത്. പിണറായി വിജയൻ പ്രതിയാകുന്നതുവരെ സി പി എമ്മോ ഇടതുപക്ഷമോ ഇടുക്കി പദ്ധതിയിലും മറ്റും കോൺഗ്രസ് വൻ അഴിമതി നടത്തിയെന്ന് പറയാതിരുന്നത് മറ്റെന്തുകൊണ്ടാണ്. തങ്ങളുടെ നേതാവ് പിടിക്കപ്പെടുമ്പോൾ മാത്രം അറിഞ്ഞതല്ല ഇത്തരം പദ്ധതിയുടെ ഭാഗമായി നടക്കുന്ന അഴിമതി. അത് പറയാൻ പറ്റില്ലെന്ന് മാത്രം. അതാണ് കോൺഗ്രസും സി പി എമ്മും അതിരപ്പള്ളി അടക്കമുള്ള പദ്ധതിക്കായി ഒത്തുചേർന്ന് പ്രസ്താവന നടത്തുന്നതിലെ യുക്തി. ഇപ്പോൾ എൽ ഡി എഫ് സർക്കാർ പോയാൽ യു ഡി എഫ് വരുമെന്നും അന്ന് എല്ലാ നൂലാമാലകളും തീർത്ത് നമുക്ക് പദ്ധതി നടപ്പാക്കി ജനസേവനം ചെയ്യാമല്ലോ എന്ന ഉത്കൃഷ്ട ചിന്തയാണ് ഉമ്മന്റെ പ്രസ്താവനക്കു പിന്നിലെന്നും ചിലർ പറയുന്നു. ഉമ്മൻ ചാണ്ടിമാത്രമല്ല അതിരപ്പള്ളിയിലെ എം പി കോൺഗ്രസ് നേതാവ് പി സി ചാക്കോയും പദ്ധതി ഇല്ലാതാക്കുന്നത് നാടിന് നഷ്ടമാണെന്ന് പറഞ്ഞിരുന്നു.

അപ്പോൾ ഇത്രമാത്രം പ്രകൃതി സ്നേഹിയും കമ്മീഷൻ വിരോധിയുമൊക്കെയാണ് കേന്ദ്രത്തിൽ വാഴുന്ന കോൺഗ്രസ് മന്ത്രി ജയറാംരമേഷ് എന്ന ചോദ്യത്തിന് തമ്മിൽ ഭേദം തൊമ്മന്റെ മാനസാന്തരത്തിനു പിന്നിലും ചില കഥകളുണ്ടെന്നാണ് കേൾവി. ജയറാം രമേശിന് ഇത്തരത്തിൽ കടുത്ത പ്രകൃതിസ്നേഹബോധോദയം വരുന്നത് ഈയിടെ കേരളത്തിൽ ഒരു പരിപാടിക്കെത്തിയതിനുശേഷമാണെന്നും ചിലർ പറ

ഞ്ഞുപോരുന്നു.

സൈലന്റ് വാലിയെന്ന അത്യപൂർവ്വ വനസമ്പത്തിനെ വലിയൊരു വൈദ്യുതപദ്ധതി നടപ്പാക്കി നശിപ്പിക്കുന്നതിൽ നിന്ന് മോചിപ്പിച്ചു നിലനിർത്തിയതിന്റെ 25-ാം വാർഷികം ആഘോഷിക്കുന്ന ചടങ്ങ് ഈയിടെ കേരളത്തിൽ നടക്കുകയുണ്ടായി. പരിപാടിയിലെ മുഖ്യ അതിഥിയായി എത്തിയതാകട്ടെ കേന്ദ്ര വനംപരിസ്ഥിതി മന്ത്രിയായ ജയറാംരമേശാണ്. അപ്പോഴാണ് കോൺഗ്രസുകാരു പോലും മറന്നുകൊണ്ടിരിക്കുന്ന ഇന്ദിരാജിയെ, കുറെ പ്രകൃതിസ്നേഹികളും കേരളസർക്കാർ പ്രതിനിധികളും അനുസമരിക്കുന്ന കാഴ്ച കണ്ടത്. അന്ന് സൈലന്റ് വാലിയുടെ സംരക്ഷണത്തിന് അനുകൂലമായി പ്രധാനമന്ത്രി ഇന്ദിരാഗാന്ധി നിലപാട് എടുത്തിരുന്നില്ലെങ്കിൽ ഈ വനം ഇന്നുണ്ടാകുമായിരുന്നില്ലെന്ന പലരുടെയും പുകഴ്ത്തൽ ആധുനികകാലത്തെ കോൺഗ്രസ് സേവകനായ ജയറാംരമേശിന് നന്നായി ബോധിച്ചു. അതിനു പുറമെ ചില പരിസ്ഥിതി സ്നേഹികൾ രമേശിനെ വളഞ്ഞ് പുതിയ കാലത്ത് അതിരപ്പള്ളിയാണ് പ്രശ്നമെന്നും അതിനെ രക്ഷിക്കണമെന്നും പറയുകയുണ്ടായി. ഇതിനിടയിൽ ഇന്ദിരാജിയുടെ ധൈര്യം ജയറാംരമേഷും കാണിക്കണമെന്ന് ആരോ പറഞ്ഞതായും കേട്ടുകേൾവിയുണ്ട്.

അന്ന് പരിസ്ഥിതി രംഗത്തെ ഇടപെടലിന്റെ തിളക്കം തലക്കുപിടിച്ച ജയറാംരമേശ് നേരെ പോയത് കോപ്പൻഹാഗിലെ ആഗോള താപന ഉച്ചകോടിയിൽ പങ്കെടുക്കാനായിരുന്നു. അമേരിക്ക കൽപ്പിക്കുന്നതിന് മറുത്തൊരുവാദം നടത്താൻ നട്ടെല്ലില്ലാത്ത രാജ്യമായി ഇന്ത്യയെ അധപ്പതിപ്പിച്ചിട്ടും ആഗോള താപനം കുറക്കാൻ ഒറ്റക്കെട്ടായി നീങ്ങാമെന്ന് വ്യാമോഹവുമായി കോപ്പൻഹാഗനിൽ എത്തിയ നമ്മുടെ മന്ത്രി വലിയ പ്രതീക്ഷയൊന്നുമില്ലാതെയാണ് മടങ്ങി വന്നത്. തിരിച്ചുവരുമ്പോഴേക്ക് പരിസ്ഥിതികാര്യങ്ങളെക്കുറിച്ച് ചില കാര്യങ്ങളും അതിയാൻ പഠിച്ചുവശായിരുന്നു. അങ്ങിനെയാണ് ഒരു സുപ്രഭാദത്തിൽ കാടില്ലാതെ എങ്ങിനെ ആഗോളതാപനം കുറക്കും എന്ന ചിന്ത പൊട്ടിവീണതും കേരളത്തിലെ അതിരപ്പള്ളിയെ രക്ഷിച്ചുകളയാമെന്ന് ബോധോദയം ഉണ്ടായതും.

ഇതിനു സമാന്തരമായ ചില മാനസാന്തരകഥ 1972 മുതൽ ഇന്ത്യയിൽ ഇന്ദിരാജിക്കും ഉണ്ടായിരുന്നു എന്ന് നാമോർക്കണം. 1972 ൽ സ്വീഡനിലെ സ്റ്റോക്ഹോമിൽ നടന്ന ലോകപരിസ്ഥിതി സമ്മേളനത്തിൽ ഇന്ത്യയെ പ്രതിനിധീകരിച്ച് പങ്കെടുത്തത് അന്നത്തെ പ്രധാനമന്ത്രി ഇന്ദിരാഗാന്ധിയായിരുന്നു.(പരിപാടിയിൽ പങ്കെടുത്ത ഏക പ്രധാനമന്ത്രി) അതുവരെ പരിസ്ഥിതി സംബന്ധിച്ച് വലിയ അവബോധമില്ലായിരുന്ന ഇന്ദിരാജിയിൽ ലോക പരിസ്ഥിതി സമ്മേളനത്തിൽ പങ്കെടുത്ത ശേഷം വലിയ മാറ്റമാണ് പ്രകടമായത്. ഇന്ത്യയിൽ പാരിസ്ഥിതിക ആസൂത്രണത്തിനു ഏകോപനത്തിനും ദേശീയകമ്മിറ്റി (National Committee on Enviorment Planing Co ordination- NCEPC) നിലവിൽ വന്നതടക്കം ഒട്ടേറെ കാര്യങ്ങൾ അതിനു ശേഷമാണ് ഉണ്ടാക്കിയത്. ആയിടെ കേരളത്തിൽ സൈലന്റ് വാലി പദ്ധതിയെക്കുറിച്ച് പഠിക്കാനും ഈ കമ്മിറ്റിയെ ചുമതലപ്പെടുത്തി. അങ്ങിനെ മറ്റൊരു ആഗോള പരിസ്ഥിതി സമ്മേളനത്തിൽ നിന്ന് പ്രചോദനമുൾക്കൊണ്ടാണ് 1984ൽ സൈലന്റ് വാലി പദ്ധതി നിർത്തലാക്കാനും ഈ കാടിനെ ജൈവോദ്യാനമാക്കി പ്രഖ്യാപിക്കാനും ഇന്ദിരാഗാന്ധി തയ്യാറായത്.

ഇത്രയും ചരിത്രം വീണ്ടും മറ്റൊരു പദ്ധിതിയുടെ കാര്യത്തിൽ നടന്നാൽ മറ്റൊരു ഇന്ദിരാഗാന്ധി വേഷം തനിക്ക് ഗുണം ചെയ്യുമെന്ന് ബുദ്ധി, അതാകുമോ ഇപ്പോൾ അതിരപ്പള്ളി പദ്ധതിക്കെതിരെ ജയറാംരമേശിനെ പ്രേരിപ്പിച്ചത്? അങ്ങിനെ വ്യക്തിപരമായ ചില തോന്നലുകളും പ്രചോദനവുമല്ലാതെ കോൺഗ്രസ് പാർട്ടിയുടെ നയംമൂലം മന്ത്രിയിൽ രൂപപ്പെട്ട ചിന്തയാകാനിടയില്ല ഇപ്പോഴത്തെ അതിരപ്പള്ളി വിരോധം. കാരണം ഇതിനു മുമ്പ് രണ്ടു തവണയും പദ്ധതിക്ക് അനുമതി കൊടുത്തത് കോൺഗ്രസ് മുന്നണി ഭരിക്കുന്ന കേന്ദ്രസർക്കാരായിരുന്നു. അതിനു പുറമെ ഇപ്പോൾ അനുമതി പിൻവലിക്കുമെന്ന ഭീഷണിയുമായി കത്തയച്ച വനംപരിസ്ഥിതിമന്ത്രാലയം അഡീഷനൽ ഡയറക്ടർ എസ് ഭൗമിക്ക് തന്നെയാണ് ഇതിനു മുമ്പ് അനുമതികത്ത് കൊടുത്തത്.പോരാത്തതിന് ഇക്കഴിഞ്ഞ തവണ അതിരപ്പള്ളിയിലെ പരിസ്ഥിതി പ്രശ്നങ്ങൾ പഠിക്കാനായി കേന്ദ്രം പറഞ്ഞുവിട്ട സംഘത്തിന്റെ തലവനുമായിരുന്നു ഭൗമിക്. അന്ന് പദ്ധതിക്ക് പച്ചക്കൊടി കാട്ടുന്ന റിപ്പോർട്ട് സമർപ്പിച്ച ഈ ഉദ്യോഗസ്ഥനെകൊണ്ട് ഇത്രപെട്ടെന്ന് നേർവിപരീതമായ കത്ത് കേരളത്തിന് നൽകാൻ ജയറാംരമേശ് ഏറെ പാടുപെട്ടിട്ടുണ്ടാകും. .

നിലവിൽ കേന്ദ്രസർക്കാർ പദ്ധതി നടത്തിപ്പിനായി കൊടുത്ത അനുമതിക്കെതിരെ കോടതിയിൽ കൊടുത്ത പരാതിയിൽമേൽ വാദം പൂർത്തിയായിരിക്കയാണ്. ഇതിനു മുമ്പ് എല്ലാ തവണയും കേന്ദ്രം കേരളത്തിന് നൽകിയ അനുമതിയെല്ലാം നിഷേധിച്ചത് കോടതി വഴിയാണ്. ഇപ്പോഴും വാദം പൂർത്തിയായ കേസിൽ സമരക്കാർക്ക് അനുകൂലമായ വിധി വരാൻതന്നെയാണ് സാധ്യത. ഇത് തിരിച്ചറിഞ്ഞുകൊണ്ടാണ് കേന്ദ്രമന്ത്രി കോടതിവിധി വരും മുമ്പ് പദ്ധതി പിൻവലിക്കുന്ന നീക്കം നടത്തി അതിന്റെ ക്രെഡിറ്റ് കൈവശമാക്കാൻ തുനിയുന്നതെന്നാണ് പറയപ്പെടുന്നത്.

നടപ്പുസാമ്പത്തിക വർഷത്തിൽ അണക്കെട്ടിന്റെ പണി ആരംഭിച്ചാൽപോലും പദ്ധതി പൂർത്തിയാക്കാൻ ആയിരം കോടി രൂപയെങ്കിലും വേണ്ടിവരും. 163 മെഗാവാട്ടാണ് വൈദ്യുതിബോർഡ് കണക്കാക്കുന്ന പ്രവർത്തനശേഷി. പ്രതിവർഷം 140 മില്യൺ യൂണിറ്റ് വൈദ്യുതിയേ ഉല്പാദിപ്പിക്കാൻ സാധിക്കൂ. ഇതിൽ നിന്നുള്ള വരുമാനം 45 കോടി രൂപ മാത്രമായിരിക്കും. അതിരപ്പള്ളി പദ്ധതിക്കായി കടംവാങ്ങുന്ന സംഖ്യയുടെ പലിശ അടച്ചു തീർക്കാൻപോലും ഇതുകൊണ്ട് കഴിയില്ലെന്നാണ് വിദഗ്ധപരിസ്ഥിതിപ്രവർത്തകരുടെ വിശദീകരണം. അതിലുപരി വൈദ്യുതി ഉദ്പ്പാദിപ്പിക്കാൻ

ജലത്തിന്റെ ലഭ്യത കുറവാണെന്നും വിലയിരുത്തലുണ്ട്. അങ്ങിനെയാവുമ്പോൾ മഴക്കാലമായ ജൂലായ്-മേയ് മാസങ്ങളിൽ പോലും 12 മണിക്കൂർ മാത്രമേ ഉത്പ്പാദനം നടക്കൂ. ഇത്തരത്തിൽ വൻതുക ചെലവഴിച്ച് തുച്ഛമായ വൈദ്യുതി ഉത്പ്പാദിക്കുമ്പോൾ നഷ്ടമാകുന്നതാകട്ടെ 140 ഹെക്ടർ വനവും ചില ആദിവാസിസമൂഹത്തിന്റെ ആവാസ വ്യവസ്ഥയും നശിക്കും. ഇത്രയും കാര്യങ്ങൾ വ്യക്തമായി കേന്ദ്രമന്ത്രിക്ക് ബോധ്യപ്പെട്ടിട്ടുണ്ടെന്നാണ് അറിവ്.

ആഗോള താപനം കുറക്കാൻ കാർബൺഡയോക്സൈഡിന്റെ അളവ് കുറക്കണമെന്നും അതിനായി പുതുതായി കൂടുതൽ മരങ്ങൾ നട്ടു പിടപ്പിക്കണമെന്നുമുള്ള അറിവും ജയറാം രമേശിനെ ചിലപ്പോൾ കാട് നശിപ്പിക്കുന്ന അതിരപ്പള്ളിപദ്ധതിയിൽ നിന്ന് പിന്നോട്ട് നയിപ്പിക്കാൻ പ്രേരിപ്പിച്ചിട്ടുണ്ടാകാം. അടിയന്തിരാവസ്ഥയുടെ പ്രയോക്താവിലൂടെ യക്ഷിയെന്നുപോലും പേര് കിട്ടിയ ഇന്ദിരാജിയെ അപൂർവ്വ സസ്യസമ്പത്ത് അടങ്ങിയ സൈലന്റ് വാലി സംരക്ഷിച്ചതിൽ അഭിമാനപൂർവ്വം ഓർക്കുമ്പോൾ അതിരപ്പള്ളിസമരം വിജയിച്ചാൽ അതിരപ്പള്ളിക്കാരും കേരളവും ചരിത്രത്തിലുടനീളം ജയറാം രമേശിനെ ഓർത്തുവെക്കുക തന്നെ ചെയ്യും. അതിൽ ഉമ്മൻചാണ്ടിയും മറ്റും സാമ്പത്തികനേട്ടത്തിന്റെ ഭാഷയിൽ പദ്ധതിക്കായി മുറവിളികൂട്ടിയിട്ട് കാര്യമില്ല.

കോപ്പൻഹാഗനിൽ അമേരിക്കയടക്കമുള്ള വികസിതരാജ്യങ്ങളുടെ ഒത്താശയ്ക്കു കീഴിൽ ഒപ്പിടുകയല്ലാതെ മൂന്നാംലോകരാജ്യങ്ങളുടെ അഭിമാനം ഉയർത്തിപ്പിടിക്കാൻ ജയറാംരമേശ് ഒന്നും ചെയ്തില്ലെങ്കിലും അതിന്റെ പാപമെങ്കിലും അതിരപ്പള്ളിയിൽ തീർത്താൽ അത് ഭാവി രാഷ്ട്രീയ നേതൃത്വങ്ങൾക്കും മാതൃകയാകും. അത്തരമൊരു അന്ത്യമാണ് അതിരപ്പള്ളി കാര്യത്തിൽ സമരക്കാർ കാണുന്നത്. അതിനിടയിലും അരാഷ്ട്രീയത പ്രകടിപ്പിക്കുന്ന ഉമ്മൻ ചാണ്ടിമാരുടെ സി പി എം സേവ ജനം തിരിച്ചറിയുന്നുണ്ട്.

കോപ്പൻഹാഗിൽ അമേരിക്കയടക്കമുള്ള വികസിതരാജ്യങ്ങളുടെ ഒത്താശയ്ക്കു കീഴിൽ ഒപ്പിടുകയല്ലാതെ മൂന്നാംലോകരാജ്യങ്ങളുടെ അഭിമാനം ഉയർത്തിപ്പിടിക്കാൻ ജയറാംരമേശ് ഒന്നും ചെയ്തില്ലെങ്കിലും അതിന്റെ പാപമെങ്കിലും അതിരപ്പള്ളിയിൽ തീർത്താൽ അത് ഭാവി രാഷ്ട്രീയ നേതൃത്വങ്ങൾക്കും മാതൃകയാകും. അത്തരമൊരു അന്ത്യമാണ് അതിരപ്പള്ളികാര്യത്തിൽ സമരക്കാർ കാണുന്നത്. അതിനിടയിലും അരാഷ്ട്രീയത പ്രകടിപ്പിക്കുന്ന ഉമ്മൻ ചാണ്ടിമാരുടെ സി പി എം സേവ ജനം തിരിച്ചറിയുന്നുണ്ട്.

അഴിമതിക്കു പിന്നിൽ വലതുപക്ഷരാഷ്ട്രീയമാണ് മുമ്പ് കണ്ടെത്താൻ കഴിഞ്ഞതെങ്കിൽ ഇന്ന് വൻപദ്ധതികൾക്കും അതുവഴി രൂപപ്പെടുന്ന അഴിമതിക്കും ഒരു രാഷ്ട്രീയം മാത്രമാണുള്ളത്, അത് ലാഭത്തിന്റെ രാഷ്ട്രീയം മാത്രമാണ്.
അതിന്റെ തെളിവാണ് അതിരപ്പള്ളി പദ്ധതിയുമായി ബന്ധപ്പെട്ട് ഇപ്പോൾ ഉയർന്നുവരുന്ന പുതിയ ചർച്ചകളുടെ പിന്നാമ്പുറത്തുമുള്ളത്. അല്ലാതെ കോൺഗ്രസ് മന്ത്രിയായ ജയറാംരമേശ് പറഞ്ഞ കാര്യത്തിനു വിരുദ്ധമായ കേരളത്തിലെ കോൺഗ്രസുകാരായ ഉമ്മനും സംഘവും അഭിപ്രായം പറയുമോ?

*സിറാജ് ദിനപത്രം, തൃശൂർ*

അറിയിപ്പ്
കടൽനിലാവും കടൽയാത്രയും
തൃശൂർ ജില്ലയിലെ തീരദേശപ്രദേശത്തുവെച്ച് മാർച്ച്/ഏപ്രിൽ മാസത്തിൽ ഒരു കടൽ കൂട്ടായ്മയും യാത്രയും നടത്തുന്നു. പങ്കെടുക്കുവാൻ താൽപര്യമുള്ളവർ ബന്ധപ്പെടുക.
നിലാവ് കൂട്ടായ്മ
കേരളീയം
കൊക്കാല, തൃശൂർ-21

പ്രിയ കേരളീയം
വായനക്കാരാ/രി,
വരിസംഖ്യ
240/- രൂപ
അയച്ചുതന്ന് സഹകരിക്കുമല്ലോ.
കൂടാതെ
സംഭാവന, അറിയിപ്പുകൾ, വാർത്തകൾ, വിശകലനങ്ങൾ
തുടങ്ങിയവയും അയച്ചുതരുമല്ലോ.
കേരളീയം
കൊക്കാലെ, തൃശൂർ-21.
ഫോൺ :
9446576943, 9446586943,
0487-2421385

With best compliments from
CENTRE FOR POST GRADUATE STUDIES
P.G. Centre
North Bus Stand
Thrissur-20.
Ph : 2338983, 6950675
e-mail : pgcentre.tsr@gmail.com